Mr. P. V. Raphael *(Comptroller of Finance and Accounts)* : It was raised to 6 annas, if I remember aright, in 1114 or 1115.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇതു പാസ്സായ കാലത്തു് ബസ്സുകൂലി എന്തായിരുന്നു. ഹോട്ടലിൽ ഊണിന്റെ ചാർജ്ജു് എന്തായിരുന്നു? അന്നത്തെ ഫിനാൻസു മെമ്പർ പറഞ്ഞിട്ടുള്ളതു് ഒന്നരയോ രണ്ടോ അണ കൊടുത്താൽ ഹോട്ടലിൽ ഊണുകഴിക്കാമെന്നാണു്. ഇന്നു ബസ്സുകൂലിയാണെങ്കിൽ അതും കൂടുതലാണു്. ഹോട്ടലിലും നാലോ അഞ്ചോ അണ ഊണിനു കൊടുക്കണം

മിസ്റ്റർ പി. വി. റാഫേൽ : ബസ്സുകൂലി നാലണയാണെങ്കിൽ ആ നാലണ കൊടുക്കുന്നുണ്ടു്. ഊണിനു് നാലണ, അഞ്ചണയെന്നൊക്കെയെല്ലാം പറഞ്ഞാൽ അതു കൊടുക്കാൻ പ്രയാസമാണു്. നാലണയും അഞ്ചണയുമല്ല, ഒരുറുപ്പികക്കും രണ്ടുറുപ്പികക്കും എട്ടുറുപ്പികക്കും പത്തുറുപ്പികക്കും ഉള്ള ഊണുമുണ്ടു്. അതു പല ജാതിയിലാണു്. കീഴ്ജീവനക്കാരുടെ കാര്യത്തിൽ ഇത്ര ലിബറലായിട്ടു് നോക്കുന്ന ഗവൺമെണ്ടു് വേറെയുണ്ടോ എന്നതന്നെ സംശയമാണു്. മുമ്പു നാലണയായിരുന്നു. ഇപ്പോൾ ആറണയും ബസ്സുകൂലിയും കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : മുമ്പു് ആറണയായിരുന്നതു കുറച്ചു് നാലണയാക്കി, ഇപ്പോൾ വീണ്ടും ആറണയാക്കിയിരിക്കയാണു്.

Mr. P. V. Raphael *(Comptroller of Finance and Accounts)* : I have to correct the member It was 4 annas to begin with; it was raised to 6 annas and in addition to that, bus fare also is given. Who can complain against that?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എന്തൊക്കെയാണെങ്കിലും ആ നാഴികയും മറവും നടന്നുപോകണമെങ്കിൽ .....

മിസ്റ്റർ പി. വി. റാഫേൽ: നടക്കേണ്ട ആവശ്യമില്ല, ബസ്സിനു പോകാമല്ലോ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : മൂന്നു നാഴികയാണെങ്കിൽ നടന്നല്ലേ പോകേണ്ടതു് ?

മിസ്റ്റർ പി. വി. റാഫേൽ: മൂന്നു നാഴികയും മറവും നടക്കുവാൻ അത്ര പ്രയാസമുണ്ടോ ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മൂന്നു നാഴിക പോകണമെങ്കിൽ ബസ്സുകൂലി കൊടുക്കാറുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ: ഇല്ല.

Mr. C. V. Iyyu *(Kunnamkulam)* : Can't the Government reconsider the whole question, considering the hardship in these cases?

Mr. P. V. Raphael *(Comptroller of Finance and Accounts)*: The financial commitments will be very great. Government regret they cannot.

Mr. C. V. Iyyu *(Kunnamkulam)* : If the Government can fix it at 7 annas, I can compromise. ഈ പ്രമേയം പ്രസ്സു് ചെയ്താൽ ഇപ്പോഴത്തെ നിലക്കു് വലിയ പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. ഇതു് ഗവൺമെണ്ടു വളരെ ഗൌരവമായി ആലോചിക്കേണ്ട ഒരു സംഗതിയാണു്. ഈ വക സംഗതികൾ ഈ നിയമസഭ പാസ്സാക്കുമ്പോഴെല്ലാം യാതൊരു വിലയുമില്ലാതെ ഗവൺമെണ്ടു് തള്ളിക്കളയുകയാണു പതിവു്. അങ്ങിനെയുള്ള ഗവൺമെണ്ടിന്റെ നയം മാറേണ്ട കാലം അതിക്രമിച്ചിട്ടുണ്ടെന്നുള്ളതു ഗവൺമെണ്ടിനെ ധരിപ്പിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയം പിൻവലിക്കുന്നു.

Resolution by leave withdrawn.

RESOLUTION No. 46.

Revision of pay and allowances of the subordinate officers in the Anchal Department

Mr. C. V. Iyyu *(Kunnamkulam)* : *Sir. "This Council recommends to the Government to bring into effect—a general revision of pay and allowances of the subordinate officers in the Anchal Department."*

അഞ്ചൽ ഡിപ്പാർട്ടുമെണ്ടു് ഗവൺമെണ്ടിനു് ആദായമുണ്ടാക്കുന്ന ഡിപ്പാർട്ടുമെണ്ടുകളിൽ ഒന്നാണു്. ആ ഡിപ്പാർട്ടുമെണ്ടിലെ കീഴ്ജീവനക്കാരുടെ ശമ്പളം ൧൦൸ ൦-ലോ ൧൫ ൦-ലോ എന്നു നിശ്ചയമില്ല, നടന്ന സ്പെഷ്യൽ ഫിനാൻസുകമ്മിറ്റി.....

.....

രാമവർമ്മതമ്പുരാൻ : ൧൫ ൦ ൫-ൽ ആണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. വി. ഇയ്യു: ഫ ഫ ഠ ങ-ലെ സ്പെഷ്യൽ ഫിനാൻസു് കമ്മിറ്റിയിൽ പല ഡിപ്പാർട്ടുമെണ്ടുകളിലെ ജോലിക്കാരുടെ ശമ്പളത്തെക്കുറിച്ചു് ആലോചിച്ചപ്പോൾ അഞ്ചൽ ഡിപ്പാർട്ടുമെണ്ടിലെ കീഴ്ജീവനക്കാരുടെ ശമ്പളം മാത്രം റിവൈസു് ചെയ്യാതെ വിട്ടുപോകയാണു ചെയ്തിട്ടുള്ളതു്. അഞ്ചൽ ഡിപ്പാർട്ടുമെണ്ടു് ഒഴിച്ചു് ബാക്കിയുള്ള എല്ലാ ഡിപ്പാർട്ടുമെണ്ടുകളിലേയും ശമ്പളത്തിൽ റിവിഷൻ കഴിച്ചു് അവസാനിപ്പിച്ചു് റിപ്പോർട്ടു് സമർപ്പിച്ചതായിട്ടാണറിയുന്നതു്. പല ഡിപ്പാർട്ടുമെണ്ടുകളിലേയും കീഴുദ്യോഗസ്ഥന്മാരുടേയും മേലധ്യക്ഷന്മാരുടേയും ശമ്പളം അവർ നല്ല അളുകളായതുകൊണ്ടോ, അല്ലെങ്കിൽ അവരുടെ ഭാഗ്യംകൊണ്ടോ റിവൈസുചെയ്തു കിട്ടുവാൻ സാധിച്ചിട്ടുണ്ടു്. എന്നാൽ അഞ്ചൽ ഡിപ്പാർട്ടുമെണ്ടുകാർ നിർഭാഗ്യവാന്മാരായതുകൊണ്ടായിരിക്കാം അവരുടെ ശമ്പളം റിവൈസു് ചെയ്തിട്ടില്ലാത്തതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. മുമ്പു് അവക്കു സ്റ്റാമ്പു കമ്മീഷനുണ്ടായിരുന്നു. ഇപ്പോൾ ആ സ്റ്റാമ്പു കമ്മീഷൻപോലും നിർഭാഗ്യം നിമിത്തമായി കുറഞ്ഞു. നമ്മുടെ അഞ്ചൽ ഡിപ്പാർട്ടുമെണ്ടുപോലെതന്നെ ഉത്തരവാദിത്വമുള്ള ബ്രിട്ടീഷിന്ത്യയിലെ തപ്പാൽ ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കഴിഞ്ഞ ഫ ഛ കൊല്ലത്തിനിടക്കു് റിവൈസു് ചെയ്തിട്ടുണ്ടു്. ഇതു തമ്മിലുള്ള നിരക്കു വ്യത്യാസത്തിനു ഉദാഹരണം പറയാം. അഞ്ചൽ മാസ്റ്ററുടെ ശമ്പളം ഛ ങ ഉറുപ്പികയാണു്. അതേ സ്ഥലത്തുള്ള ഒരു പോസ്റ്റ്മാസ്റ്ററുടെ ശമ്പളം ഫഛ ഠ ഉറുപ്പികയാണു്. അഞ്ചലാഫീസിലുള്ള ജോലിയുടെ ഇരട്ടിയിൽ കൂടുതലായ ജോലി പോസ്റ്റാഫീസിൽ ഇല്ലതാനും. അഞ്ചൽ മാസ്റ്ററും രാത്രി പണിയെടുക്കണം, പോസ്റ്റ് മാസ്റ്ററും രാത്രി പണിയെടുക്കണം. എറണാകുളത്തുള്ള അഞ്ചൽമാസ്റ്ററുടെ കഥ പറയുകയാണെങ്കിൽ വളരെ പരിതാപകരമാണു്. കഴിഞ്ഞ ജന്മത്തിൽ പാപംചെയ്തിട്ടുള്ളതിന്റെ ഫലമായിട്ടാണു് അഞ്ചൽമാസ്റ്റർ ജോലിക്കു് അവർ ചേർന്നിട്ടുള്ളതു് എന്നു ഒരു ഹിന്ദുമതവിശ്വാസിക്കു തോന്നും.

അഞ്ചൽ ഡിപ്പാർട്ടുമെണ്ടിൽതന്നെ വേറെ ഒരുതരം കീഴ്ജീവനക്കാരുണ്ടു്. അതായതു് ആറും നാലും ഉറുപ്പിക ശമ്പളക്കാരായ ബ്രാഞ്ചു് അഞ്ചൽമാസ്റ്റർമാരാണു് അവർ. ബ്രിട്ടീഷിൽ ഒരു ബ്രാഞ്ചു് മാസ്റ്റർക്കു് ൻ ഉറുപ്പികയുണ്ടു്.

മിസ്റ്റർ പി. വി. റാഫേൽ: ആറേയുള്ളൂ.

മിസ്റ്റർ സി. വി. ഇയ്യു: അവിടെ ആറുറുപ്പിക കിട്ടുന്നതുമാത്രമല്ല പുറമെയുള്ള വരുമാനംകൂടി കണക്കാക്കുമ്പോൾ ന ഠ ഉറുപ്പികയോളം അവക്കു കിട്ടുന്നുണ്ടു്. കൂടാതെ ബ്രിട്ടീഷിലെ ബ്രാഞ്ചു് മാസ്റ്റർമാർക്കു് സ്റ്റാമാസ്റ്റർമാരുടെ പണി കൂടി നോക്കുവാൻ കഴിയുന്നുണ്ടു്.

മിസ്റ്റർ പി. വി. റാഫേൽ: ഇവിടെയും ആകാം.

മിസ്റ്റർ സി. വി. ഇയ്യു: ഫ ഫ മണിക്കാണു് ഇവിടെ മെയിൽ വരുന്നതു്, അല്ലാതെ സ്റ്റാമ സമയം കണക്കാക്കിയല്ല. അതുകൊണ്ടു് മറു ജോലികൾ എടുത്തുകൂടാത്തവിധത്തിലുള്ള ഒരു പ്രയാസം ഇവക്കുണ്ടു്.

ഇതിനുംപുറമെ സാർട്ടർമാർക്കു് ബ്രിട്ടീഷിൽ കൊടുത്തുവരുന്ന ശമ്പളം ഫ൦൦ മുതൽ ഛ൦൦ വരെയാണു്. എന്നാൽ ഇവിടെ കൊടുക്കുന്നതു് ഛ ങ മുതൽ ൿ ഠ ഉറുപ്പികവരെയാണു്. ഇവിടെ വെല്ലിംഗ്ടൺ ഐലണ്ടിൽ സാർട്ടർക്കു് രാത്രി കിടക്കുവാൻ നിവൃത്തിയില്ല. ഞാൻ കഴിഞ്ഞ ഞായറാഴ്ച അവിടെയുള്ള സാർട്ടറെ കണ്ടു സംഭാഷിച്ചു. അദ്ദേഹത്തിനു് മെയിൽ പോകുന്ന വണ്ടിയിൽതന്നെ പോകണം. വേറെ വണ്ടിയിൽ പോകുകയാണെങ്കിൽ റയിൽവേക്കാർ ചാർജ്ജുചെയ്യും. ഇന്നു പോയാൽ പിറേറദിവസം മെയിൽ പുറപ്പെടുന്നതുവരെയും അദ്ദേഹം അവിടെതന്നെ കഴിച്ചുകൂട്ടണം. ചോറു കിട്ടുവാൻ പ്രയാസമുള്ളതുകൊണ്ടു് സ്വന്തമായിട്ടു ചോറുണ്ടാക്കി കഴിക്കുവാനുള്ള സൌകര്യവുംകൂടി അവിടെ അദ്ദേഹത്തിനു ഉണ്ടാക്കേണ്ടിവരുന്നുണ്ടു്. ഇവർ മഴക്കാലത്തും വേനല്ക്കാലത്തും ഒന്നുപോലെ അയ്യായ്യ പണയംവെച്ചു് പണിയെടുക്കയും വേണം. എന്നിട്ടും കൊടുക്കുന്ന ശമ്പളം നിസ്സാരം. വില്ലേജു് ഉദ്യോഗസ്ഥന്മാരും റജിസ്ട്രേഷൻ ഉദ്യോഗസ്ഥന്മാരും യൂണിയനായി നില്ക്കുന്നതുപോലെ അഞ്ചൽ ഡിപ്പാർട്ടുമെണ്ടുകാരെ യൂണിയനായിരിക്കുവാൻ പറഞ്ഞാൽപോലും അവരുടെ അടിമമനസ്ഥിതിക്കു് വ്യത്യാസംവന്നു തങ്ങൾതന്നെ സംഘടിക്കുന്നില്ല. ഈ ഡിപ്പാർട്ടുമെണ്ടിന്റെ പ്രവർത്തനത്തെപ്പറ്റി ആലോചിക്കുകയാണെങ്കിൽ വല്ലതും ഒരു നാലണ കാണാതെപോയാൽ അതിനും അവരെ പിടിക്കുട്ടം. അതുകാരണം ജയിലിൽ പോകേണ്ടിയുംവരും. വളരെ സഹകാര്യമായ പ്രേമസന്ദേശങ്ങൾകൂടി വളരെ ജാഗ്രതയായി സൂക്ഷിച്ചു് എത്തിച്ചുകൊടുക്കുന്നവരാണു് ഇവർ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അഞ്ചൽ ഡിപ്പാർട്ട്മെണ്ടിലുള്ളവരെ റജിസ്ട്രേഷൻ ഡിപ്പാർട്ട്മെണ്ടിലേക്ക പ്രമോട്ട ചെയ്യാറില്ലേ?

മിസ്റ്റർ സി. വി. ഇയ്യു: റജിസ്ട്രേഷൻ ഡിപ്പാർട്ട്മെണ്ടിലുള്ളവരെ അഞ്ചൽ ഡിപ്പാർട്ട്മെണ്ടിലേക്കും പ്രമോട്ടചെയ്യാറുണ്ട്. അഞ്ചലും റജിസ്ട്രേഷനുംകൂടി ഒന്നാക്കിയതുകൊണ്ട് അതിന്റെ മേധാവികൾക്ക ഗുണം കിട്ടിയെന്നല്ലാതെ ചുവട്ടിലുള്ള ആളുകൾക്ക ദോഷമേയുണ്ടായിട്ടുള്ളു. അങ്ങിനെ യോജിപ്പിക്കുക കാരണം ഒരു നല്ല ഗ്രേഡിലുള്ള ഉദ്യോഗം സൃഷ്ടിക്കുവാൻ സാധിച്ചുതല്ലാതെ വേറെ ഒരു നന്മയും ഉണ്ടായിട്ടില്ല. ആ ഡിപ്പാർട്ട്മെണ്ടിന്റെ പ്രാധാന്യം എത്രയുണ്ടെന്നുള്ളതു് ബ്രിട്ടീഷ് ഗവമ്മെണ്ട് ധരിച്ചിട്ടുള്ളതുപോലെ നമ്മുടെ ഗവമ്മെണ്ട് ധരിച്ചിട്ടില്ല. തിരുവിതാംകൂറിലുള്ള അഞ്ചൽ ഡിപ്പാർട്ട്മെണ്ടിന്റെ പ്രവർത്തനത്തേക്കാളും കൂടുതൽ കാര്യക്ഷമമായ വിധത്തിൽ നമ്മുടെ അഞ്ചൽ ഡിപ്പാർട്ട്മെണ്ടിൽ പ്രവർത്തനം നടത്തിവരുന്നുണ്ട്. കഴിയുന്നതും തകരാറൊന്നുംകൂടാതെ കഴിച്ചുകൂട്ടുന്നവരാണെങ്കിലും കൊല്ലത്തിൽ ഒന്നുരണ്ടു് അഞ്ചൽമാസ്റ്റർമാരെങ്കിലും ജയിലിൽ പോകേണ്ടിവരുന്നു. അവക്ക നല്ല ശമ്പളം കൊടുക്കുകയാണെങ്കിൽ അതിനിടയാകയില്ല. പോസ്റ്റ്മാസ്റ്റർമാർ ആരുംതന്നെ ജയിലിൽ പോകാറില്ല. എന്നതന്നെയല്ല അവരുടെ മക്കൾക്ക് ഇത്ര ശതമാനം ഉദ്യോഗം കൊടുക്കണമെന്നുള്ള നിബന്ധനകൂടിയുണ്ട്. അങ്ങിനെയുള്ള ഒരു ശതമാനം ഇവിടെ നീക്കിവെച്ചിട്ടില്ല. പോസ്റ്റാഫീസിൽ ഇൻക്രിമെന്റുണ്ട്. അതു് ഇവിടെയില്ല. അവിടെയുള്ള പ്രോവിഡണ്ടുഫണ്ട് പോലെ ഗുണകരമായ പ്രോവിഡണ്ടുഫണ്ടു് ഇവിടെ ഇല്ല. ഈ നിലയിൽ കൊച്ചീരാജ്യത്തു് റവന്യൂ വകുപ്പിലെന്നായ ഈ ഡിപ്പാർട്ട്മെന്റുകാർ എത്രകാലം ഇങ്ങിനെ അടിപ്പട്ടിണിക്കാരായി കഴിഞ്ഞുകൂടുമെന്നു് എനിക്കു് ഊഹിക്കുവാൻ വഹിയാ. അതുകൊണ്ടു് അഞ്ചൽ ഡിപ്പാർട്ട്മെണ്ടിൽ ആകർഷണീയമായ ഒരു ശമ്പളം വെക്കേണ്ടതു് ആവശ്യമായിട്ടാണിരിക്കുന്നതു്.

ഇതിനുംപുറമെ അവർ ക ൦ ൦ ഉറുപ്പിക സെക്യൂരിറ്റി വെക്കണമെന്നുണ്ടു്. പണമില്ലാതെ കടംവാങ്ങി സെക്യൂരിറ്റിവെച്ചു് വാങ്ങിച്ചു കടം വീട്ടുവാൻ സാധിക്കാതെ പലർക്കും കഷ്ടപ്പെടേണ്ടിവരുന്നുണ്ടു്. ഈ ഒരു ഡിപ്പാർട്ട്മെണ്ടിനേക്കാൾ കൂടുതലായി ഈ സഭയുടേയും ഗവമ്മെണ്ടിന്റെയും ദയയെ അഹിക്കുന്നതായ വേറെ ഒരു ഡിപ്പാർട്ട്മെണ്ടു് ഈ രാജ്യത്തുണ്ടോ എന്നു സംശയമാണു്. പോസ്റ്റൽ ഡിപ്പാർട്ട്മെണ്ടിൽ കൊടുക്കുന്നതായ ശമ്പളത്തിന്റെ ഒരു അനുകരണം ഇവിടെയും ആവശ്യമാണെന്നു ഞാൻ പറയുന്നില്ല. അതിന്റെ മൂന്നിലൊന്നു വീതമെങ്കിലും ഇവക്കു കൊടുക്കേണ്ടതാണു്. അതിനുള്ള മനസ്ഥിതി ഗവമ്മെണ്ടിനുണ്ടാകണം.

ഇതിനുംപുറമെ അഞ്ചൽ ശിപായിമാരുടെ കാര്യത്തെക്കുറിച്ചു് പറയുവാനുണ്ടു്.

The House rose for the day at 5 p.m.

K. S. RAGHAVAN
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly